WRITTEN ANSWERS

വില്ലേജ് റോഡുകൾ

*൯൩൩ (൩൭൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി പറയുമോ?

(എ) ജനങ്ങൾ വെട്ടിയിട്ടുള്ള വില്ലേജ് റോഡുകളെ ഗവണ്മെണ്ടു് ഏറ്റെടുക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികൾക്കായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

(ബി) 'എ' ക്ക് ഉത്തരം 'ഉവ്വ്' എന്നാണെങ്കിൽ ആ ഉദ്യോഗസ്ഥൻ എന്നുമുതൽ ജോലി തുടങ്ങി?

(സി) ഒരാണ്ടിനകം എത്തെല്ലാം റോഡുകൾ ഗവണ്മെണ്ടു് സംരക്ഷണത്തിലാക്കണമെന്നു് തീരുമാനിച്ചുകഴിഞ്ഞുവോ?

(ഡി) ഒരാണ്ടിൽ ഇതു സംബന്ധിച്ചു് ഓരോ താലൂക്കിലേക്കും ശരാശരി എത്ര രൂപാവീതം ചെലവാക്കാനാണു് ഉദ്ദേശം?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പു് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) :

(എ) ഉണ്ടു്.

(ബി) ഫെബ്രുവരി 1 മുതൽ.

(സി) ഇല്ല.

(ഡി) ഇതിനെപ്പറ്റി തീരുമാനമൊന്നും എടുത്തു കഴിഞ്ഞിട്ടില്ല. ഒരു പ്രത്യേക വില്ലേജ് റോഡു് ഡെവലപ്പുമെന്റു് ഫണ്ടു് ഉണ്ടാക്കുന്നതിനെക്കുറിച്ചു് ഗവണ്മെണ്ടു് ആലോചിച്ചുവരുന്നു.

കൃഷി

*൯൩൯ (൩൮൯) ശ്രീ. എ. എൽ. ജേക്കബ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പു് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പരിവായി നെൽകൃഷി ചെയ്തു വന്നിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ മരച്ചീനിയും മറ്റും കൃഷിചെയ്തു കൃഷ്യുൽപന്നവർദ്ധനവിനെ വിഘാതപ്പെടുത്തുന്നതായി ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ തടയുന്നതിനായി ഗവണ്മെണ്ടു് എന്തു നടപടി നടത്തിവരുന്നു?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) :

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ബസ്സുകളുടെ മത്സരയോട്ടം

*൯൪൦ (൭൦) ശ്രീ. എ. എൽ. ജേക്കബ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പു് മന്ത്രി സദയം മറുപടി പറയുമോ?

എറണാകുളം മട്ടാഞ്ചേരി ടൗൺ സർവ്വീസു് ബസ്സുകൾ തമ്മിൽ അപകടകരമാംവണ്ണം മത്സരിച്ചു് ഓടിക്കുക സർവ്വസാധാരണമായിത്തീർന്നിട്ടുള്ളതു തടയുവാൻ ഗവണ്മെണ്ടു് എന്തു നടപടിയാണു് ഇതുവരെ എടുത്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തും, തൊഴിലും കുടിയും വകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): വാഹനങ്ങളുടെ ഗതിവേഗം എല്ലായ്പ്പോഴും നിയമാനുസൃതമാക്കുന്നതിനു നിയമിതരായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർക്ക് ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശങ്ങൾ നൽകിട്ടുണ്ട്. തൽഫലം മത്സരിച്ചുള്ള ഓടൽ തന്നെ ഏതാണ്ടു കുറഞ്ഞിട്ടുണ്ട്.

WOOD CHOPPING MACHINE

*769 [41] **Sri. K. Ramachandran:**

(*a*) whether erection of the automatic wood-chopping machine has been completed at the Plywood Industries, Punalur;

(*b*) whether there is any one in the Factory who is thorough with the operation of this machinery; and

(*c*) whether Government propose to secure the services of a plywood expert in the Factory?

Minister for Industries, Excise and Local Self Government (**Sri. N. Kunjuraman**:

(*a*) No wood-chopping machine is under erection. A new peeling lathe has been erected.

(*b*) Yes.

(*c*) This question does not arise in view of answer to (*b*).

അഴിക്കോട് മുനമ്പംകടത്ത്

*൭൭൦. (൪൩) സാഹിബ് ബഹദൂർ എം. കെ. കണ്ണമൊയ്തീൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

അഴിക്കോട് മുനമ്പം കടത്തു സർവ്വീസ് മോട്ടോർബോട്ടുവഴി നടത്തണമെന്ന ഗവൺമെൻറിനു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

പൊതുമരാമത്തും തൊഴിലും കുടിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺഫിലിപ്പോസ്): ഉണ്ട്.

വയ്പിൻകരയിലെ കയർവ്യവസായസഹകരണസംഘങ്ങൾ

*൭൭൧. (൪൪) ശ്രീ. സബാസ്റ്റ്യൻതോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി വയ്പിൻകരയിൽ ഇതുവരെ എത്ര കയർവ്യവസായ സഹകരണസംഘങ്ങൾ ഉണ്ട്?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ): നാല്.

പുകയിലക്ക് വില്പനനികുതി

*൭൭൨. (൪൫) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

പുകയിലക്കും പുകയിലകൊണ്ടുണ്ടാക്കുന്ന സാധനങ്ങൾക്കും വിൽപനനികുതി ചുമത്തുന്നതു ഉദ്ദേശിക്കുന്നുണ്ടോ? എങ്കിൽ സമാനത്തിയതിയാണോ?

LIBRARY ARCHIVES Kerala Legislative Assembly